DESPATCHED On..30/11/21

16/11/2021




സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


## ഹർജി നമ്പർ AP No.454(6)/2021/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നം.3943/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ
അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. എം. ശ്രീധരൻ,<br>S/o ശ്രീ. എം. കേളുകുറുപ്പ് (Late),<br>റ്റി.സി. 36/2397(61), 10ഡി.,<br>അസ്സറ്റ്, ഹിൽ ക്രസ്റ്റ്, തേംസ്,<br>തോപ്പുമുക്ക്, വട്ടിയൂർക്കാവ് പി.ഒ.,<br>തിരുവനന്തപുരം-695013 | അപ്പീൽ ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>അണ്ടർ സെക്രട്ടറി,<br>വ്യവസായ (എച്ച്) വകുപ്പ്,<br>ഗവ. സെക്രട്ടേറിയറ്റ്,<br>തിരുവനന്തപുരം<br>2. അപ്പീൽ അധികാരി &<br>അഡീഷണൽ സെക്രട്ടറി,<br>വ്യവസായ (എച്ച്) വകുപ്പ്,<br>ഗവ. സെക്രട്ടേറിയറ്റ്,<br>തിരുവനന്തപുരം | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 26.08.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 02.11.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 28.11.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 18.12.2020 |

| | |
|---|---|
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 18.03.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 20.03.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05.05.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 17.09.2021.2021 |
| ആഡിയോ ഹിയറിംഗ് തീയതി | 29.10.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എം. ശ്രീധരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ലഭ്യമായ വിവരങ്ങൾ തൃപ്തികരമല്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേലും ലഭ്യമായ വിവരങ്ങൾ പൂർണ്ണവും തൃപ്തികരമല്ലെന്നും ആയതിനാൽ കമ്മീഷൻ ടിയാന് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 26.08.2020 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ 02.11.2020 ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ഫീസ് അടക്കാൻ നിർദ്ദേശിച്ചതായി കാണുന്നു. ആയതിനാൽ ടിയാൻ 28.11.2020 ൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതിനായി 16.12.2020 ൽ ഹർജികക്ഷിയെ രണ്ടാം എതിർകക്ഷി നേരിൽ കേൾക്കുകയും ആവശ്യമെങ്കിൽ ഫയൽ കാണുന്നതിന് അവസരം നൽകുകയും പകർപ്പുകൾ ലഭ്യമാക്കാൻ ഫീസ് അടക്കാൻ നിർദ്ദേശിച്ചതായും കാണുന്നു.

3. രണ്ടാം എതിർകക്ഷി 17.09.2021 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജിക്കാരൻ ബഹു. രാഷ്ട്രപതിക്കും ബഹു. പ്രധാനമന്ത്രിക്കും സമർപ്പിച്ച നിവേദനം സംബന്ധിച്ച എച്ച്3/38/19/വ്യ.വ. ഫയൽ പരിശോധിക്കുന്നതിന് ഹർജിക്കാരന് 19.10.2020 ന് അവസരം നൽകിയിരുന്നുവെന്നും ഇ-ഫയലായതിനാൽ സെക്ഷനിലെ കമ്പ്യൂട്ടറിൽ ഫയൽ മുഴുവനും കാണിച്ച് കൊടുത്തെങ്കിലും കമ്പ്യൂട്ടർ നോക്കുന്നതിൽ പരിചയക്കുറവുള്ളതിനാൽ ആയത് ശരിയായി നോക്കാതെ ടിയാൻ 19.10.2020 ന് ബഹു. രാഷ്ട്രപതിയുടേയും ബഹു. പ്രധാനമന്ത്രിയുടേയും ഉത്തരവുകൾ പ്രകാരം (11/2/2019 ലെ P2/C/1102190397, 13/2/2019 ലെ PMOPG/D/2019/0052937) സർക്കാർ എടുത്ത നടപടി സംബന്ധിച്ച സർക്കാർ ഉത്തരവുകളുടേയും കറണ്ട്, നോട്ട് ഫയലുകളുടേയും പകർപ്പ് നൽകാൻ വീണ്ടും ഒരു അപേക്ഷ സമർപ്പിച്ചുവെന്നും എന്നാൽ ആയത് ലഭ്യമാക്കാൻ 598 പേജുകൾക്ക് 1196/- രൂപ അടക്കാൻ നിർദ്ദേശിച്ചുവെന്നും ടിയാന് ഫയലിന്റെ മുഴുവൻ പകർപ്പും വേണ്ടെന്നും അപേക്ഷയിലെ സൂചനയിൽ പറഞ്ഞിട്ടുള്ള പരാതികളുടെ മാത്രം കറണ്ട് ഫയലും അതുമായി ബന്ധപ്പെട്ട നോട്ട് ഫയലിന്റെയും മാത്രം പകർപ്പ് മതിയെന്നും ഫോണിലൂടെ ഹർജികക്ഷി അറിയിച്ചിരുന്നുവെന്നും ടിയാൻ ബഹു. രാഷ്ട്രപതിക്കും ബഹു. പ്രധാനമന്ത്രിക്കും സമർപ്പിച്ച പരാതിയുടേയും ടി.ടി.പി.എൽ. എം.ഡിയുടെ റിപ്പോർട്ടും കുറിപ്പുഫയലിന്റെ മുഴുവൻ പകർപ്പും കൂടി ചേർത്ത് 476/- രൂപ അടക്കുന്നതിന് ടിയാനോട് ആവശ്യപ്പെടുകയും ആയത് അടക്കുകയും സർക്കാർ ഫയലിലുള്ള മുഴുവൻ വിവരവും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ ടിയാൻ വീണ്ടും 24.07.2021 ന് 18.07.2021 ലെ എച്ച്3/38/19വ്യവ നമ്പർ സർക്കാർ കത്തിലെ റഫറൻസിലെ

രേഖകളെല്ലാം സാക്ഷ്യപ്പെടുത്തി നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷ നൽകിയിരുന്നുവെന്നും ആയതിന് വിവരങ്ങൾ ഉൾപ്പെടെ അന്തിമ മറുപടി 15.08.2021 ന് ടിയാന് നൽകിയിരുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 26.08.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 02.11.2020 തീയതി മറുപടി നൽകിയതായി കാണുന്നു. ടിയാന്റെ 28.11.2020 ലെ അപ്പീൽ അപേക്ഷ അപ്പീൽ അധികാരിയും 18.12.2020 തീയതി തീർപ്പാക്കിയതായും കാണുന്നു. 29.10.2021 ൽ നടത്തിയ ആഡിയോ ഹിയറിംഗിൽ ഹർജിക്കാരനും എതിർകക്ഷിയും പങ്കെടുത്തു. ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയെന്നാണ് ടി ഹിയറിംഗിൽ എതിർകക്ഷി മൊഴി നൽകിയത്, എന്നാൽ ഹിയറിംഗിൽ പങ്കെടുത്ത ഹർജിക്കാരൻ മൊഴി നൽകിയത് ടിയാൻ ബഹു. രാഷ്ട്രപതിക്കും ബഹു. പ്രധാനമന്ത്രിക്കും സമർപ്പിച്ച നിവേദനം സംബന്ധിച്ച ഫയലിന്മേൽ നടപടി എടുക്കാൻ നിർദ്ദേശിച്ച കത്തിന്റെ ആദ്യപേജിന്റെ പകർപ്പ് നൽകിയിട്ടില്ലെന്നും, ടി കത്ത് റഫറൻസായി കാണിച്ചില്ലെന്നും, റഫറൻസിലെ രേഖകൾ എല്ലാം സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ലെന്നും മറ്റുമാണ്. ആയത് ഉൾക്കൊണ്ടുതന്നെ 29.10.2021 ലെ ഹിയറിംഗിൽ വേളയിൽ കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ച് വീണ്ടും ഇരുകക്ഷികളും 15.11.2021 തീയതി കമ്മീഷൻ മുമ്പാകെ ഹാജരാവുകയും ഹർജിക്കാരൻ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും പൂർണ്ണമായും സാക്ഷ്യപ്പെടുത്തി, സീൽവെച്ച് ഒന്നാം എതിർകക്ഷി നൽകുകയും ചെയ്തു. മേപ്പടി സാഹചര്യത്തിൽ ഈ അപ്പീൽ ഹർജിയിന്മേൽ

തുടർനടപടി ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM